# അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

## ഷീ സ്കിൽസ് 2019 - "എനിക്കായ് ഈ ചുവട്"

സാക്ഷരതയിലും മാനവ വികസന സൂചികയിലും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. പുരോഗതിയുടെ ചുവടുകൾ കയറാൻ പലവക വികസന പദ്ധതികൾ നമ്മൾ ക്രമബദ്ധമായി നടപ്പിലാക്കിയിരിക്കുന്നു. നിലവിൽ ഉള്ള വിദ്യാഭ്യാസ സമ്പ്രദായത്തിനോടൊപ്പം നൈപുണ്യ അധിഷ്ഠിതമായ മാറ്റങ്ങൾ കൊണ്ടുവരാനായി കേരള സർക്കാരിന്റെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) എന്ന പദ്ധതിക്ക് സാധിച്ചിട്ടുണ്ട്.

കേരളം, സ്ത്രീ-പുരുഷ അനുപാത സൂചികയിൽ മുന്നിട്ടു നില്ക്കുന്നുവെങ്കിലും തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തത്തിന്റെ ശതമാനം വളരെ കുറവാണ്. സ്ത്രീ ശാക്തീകരണത്തെ കുറിച്ച് നാം ആവർത്തിച്ച് സംസാരിക്കുന്നുണ്ടെങ്കിലും, വിദ്യാഭ്യാസത്തിനു അനുസൃതമായ നൈപുണ്യ പരിശീലനം അവർക്കു ലഭിക്കുന്നില്ല എന്നത് നിഷേധിക്കാൻ ആകാത്ത ഒരു വസ്തുതയാണ്. ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2019 പ്രകാരം തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം നിലവിലുള്ളതിന്റെ ഇരട്ടിയായി വർദ്ധിക്കുകയാണെങ്കിൽ നമ്മുടെ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചാനിരക്കിൽ 10% വരെ ഉയർച്ച ഉണ്ടാകും.

ഈ അവസ്ഥയ്ക്കു ഒരു മാറ്റം കാണേണ്ടത് നമ്മുടെ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും വികസന കുതിപ്പിന് വേഗം കൂട്ടാൻ അത്യന്താപേഷികമാണ്. നൈപുണ്യ വിദ്യാഭ്യാസത്തിൽ രാജ്യത്തിന് തന്നെ മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കിയ കേരള സർക്കാരിന്റെ അസാപ് എന്ന പദ്ധതി ഇതിനായി ഷീ സ്കിൽസ് അവതരിപ്പിക്കുന്നു. പത്താം ക്ലാസ് പാസ് ആയ, 15 വയസിനു മുകളിലുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും പ്രത്യേകമായ തൊഴിൽ അധിഷ്ടിത നൈപുണ്യ വികസന പരിശീലനം നൽകുന്നതാണ് ഷീ സ്കിൽസ് എന്ന പദ്ധതി. നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക് അംഗീകാരമുള്ള കോഴ്സുകളിലും ആയിരിക്കും പരിശീലനം നൽകുക. ഈ തൊഴിൽ അധിഷ്ടിത കോഴ്സുകളോടൊപ്പം സോഫ്റ്റ് സ്കിൽസ് പരിശീലനവും നൽകുന്നതാണ്. നേതൃത്വപാടവം, ഒഴുക്കോടെ ആശയ വിനിമയം ചെയ്യാനുള്ള കഴിവ്, സംഘാടന ശേഷി തുടങ്ങിയവയിൽ പരിശീലനം നൽകുന്നതു വഴി ഷീ സ്കിൽസ് പരിശീലനം നേടുന്നവരുടെ ആത്മ വിശ്വാസം കൂടുന്നു.

ഈ വർഷം ആഗസ്റ്റിലാണ് ഈ പദ്ധതി ആരംഭിക്കുന്നത്. അസാപ് തെരഞ്ഞെടുത്ത ട്രെയിനിംഗ് സർവ്വീസ് പ്രൊവൈഡേഴ്സ് കണ്ടെത്തി നൽകുന്ന കേന്ദ്രങ്ങളിൽ വെച്ചാണ് നൈപുണ്യ പരിശീലന ക്ലാസുകൾ നടക്കുന്നത്. ഇൻസെന്റീവ് -ലിങ്ക്ഡ് ഫീ ഘടന ആയിരിക്കും ഈ പരിശീലന പരിപാടിക്ക്. പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗങ്ങൾ, ബി.പി.എൽ. കുടുംബങ്ങളിൽ, ക്രീമിലെയറിലുൾപ്പെടാത്ത SEBC അപേക്ഷകർ എന്നിവർക്ക് പരിശീലനം നിബന്ധനകൾക്കു വിധേയമായി സൗജന്യമാണ്. എ.പി.എൽ-ജനറൽ കാറ്റഗറിയിലുള്ള വിദ്യാർത്ഥികൾക്ക് ഫീസിൽ 50% സബ്സിഡി ഇളവും നൽകുന്നുണ്ട്. 150 മണിക്കൂർ നൈപുണ്യ പരിശീലനവും 150 മണിക്കൂർ ഇന്റേൺഷിപ്പും അടങ്ങുന്ന ഈ ട്രെയിനിംഗ് കഴിഞ്ഞു ഇറങ്ങുന്ന ഓരോ സ്ത്രീയും/ പെൺകുട്ടിയും അതതു മേഖലകളിൽ തൊഴിൽ സജ്ജരായിരിക്കും. പരിശീലനത്തിനു ശേഷം പരീക്ഷയും കോഴ്സുമായി ബന്ധപ്പെട്ട മേഖലയിൽ ഇന്റേൺഷിപ്പിനുള്ള അവസരവും നൽകുന്നു. അതോടൊപ്പം രാജ്യത്തിന്റെ വളർച്ചയിൽ ഭാഗഭാക്കാകാൻ അവർക്കു സാധിക്കുന്നു.

റീട്ടെയിൽ, ബാങ്കിംഗ്, അപ്പാരൽ, ബ്യൂട്ടി ആന്റ് വെൽനസ്സ്, ഫുഡ് പ്രോസസ്സിംഗ്, ഹെൽത്ത് കെയർ, ഡാറ്റ എൻട്രി തുടങ്ങി വിവിധ മേഖലകളിലെ കോഴ്‌സുകളിൽ സ്ത്രീകൾക്ക് പരിശീലനം നൽകുന്നു. കേരളത്തിലെമ്പാടുമായി ഷീ സ്കിൽസ് വഴി 9000 സ്ത്രീകൾക്ക് പരിശീലനം നൽകാനുദ്ദേശിക്കുന്നു.

അപേക്ഷ സമർപ്പണം പൂർണ്ണമായും ഓൺലൈനാണ്. അസാപ് സ്കിൽ ഡെവലെപ്മെന്റ് സെന്ററുകൾ അപേക്ഷ സമർപ്പിക്കുന്നതിന് സൗജന്യ സഹായം നൽകും. അക്ഷയ കേന്ദ്രങ്ങൾ വഴിയും ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ വഴിയും അപേക്ഷ സമർപ്പിക്കാം. കേരളത്തിൽ എവിടെയുള്ള അപേക്ഷകർക്കും ഏതു സ്ഥലത്തു നടക്കുന്ന ബാച്ചിലും അപേക്ഷിക്കാം. അപേക്ഷ ഫീ പൂർണ്ണമായും സൗജന്യമാണ്.

അപേക്ഷകരിൽ നിന്നും പരിശീലനത്തിന് അർഹരായവരെ പരിശീലന ഏജൻസിയും അസാപ്പും ചേർന്നാകും തിരഞ്ഞെടുക്കുക. കുടുംബശ്രീ അംഗങ്ങൾ, വനിതാ സംഘങ്ങൾ, വീട്ടമ്മമാർ, പഠനം പൂർത്തിയാക്കിയ പെൺകുട്ടികൾ തുടങ്ങിയവർക്ക് ഇത് നല്ലൊരവസരമാണ്.

ഷീ സ്കിൽസിന്റെ ടാഗ്‌ലൈൻ "എനിക്കായ് ഈ ചുവട്" സൂചിപ്പിക്കുന്ന പോലെ സ്വന്തം നന്മയ്ക്കായി, വളർച്ചയ്ക്കായി ഓരോ സ്ത്രീയും മുന്നിട്ടു ഇറങ്ങേണ്ടതാണ്. ഈ ഒരു തീരുമാനം അവരുടെ ജീവിതത്തിൽ സുനിശ്ചിതമായ മാറ്റങ്ങൾ കൊണ്ടു വരും. അസാപ്പിന്റെ ഇത്രയും കാലത്തെ അനുഭവ സമ്പത്തും വിജയഗാഥകളും ഇതിനു തെളിവായി എടുക്കാം. നമ്മുടെ കേരളത്തിൽ സ്ത്രീകൾക്ക് അവർ അർഹിക്കുന്ന സ്ഥാനം ലഭിക്കുന്നില്ല എന്ന് പറയാൻ ആവില്ല. ലിംഗവ്യത്യാസത്തിന്റെ പേരിലുള്ള ചൂഷണങ്ങൾ താരതമ്യേന കുറഞ്ഞു നിൽക്കുന്ന ഒരു സംസ്ഥാനം എന്ന നിലയിൽ തൊഴിൽ മേഖലയിൽ നാം നേരിടുന്ന സ്ത്രീ-പുരുഷ ഭേദം നമ്മുടെ സാമൂഹിക പുരോഗതിക്ക് ഒരു വെല്ലുവിളി ആണ്. ഇത് മാറ്റിയെടുക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വം ആണ്. ഈ സാമൂഹിക പശ്ചാത്തലത്തിൽ അസാപ്പിന്റെ ഷീ സ്കിൽസ് പോലെയുള്ള പദ്ധതികൾ പ്രാധാന്യമേറുന്നു. ഇത്തരം പദ്ധതികളിലൂടെ തൊഴിൽ മേഖലയിലെ സ്ത്രീ-പുരുഷ അന്തരം കുറയ്ക്കാൻ നമുക്കു സാധിക്കും.

കോഴ്‌സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തൊഴിൽ മേഖല | കോഴ്‌സിന്റെ പേര് |
|---|---|---|
| 1. | റീട്ടെയിൽ | റീട്ടെയിൽ ട്രെയിനി അസോസിയേറ്റ് |
| 2. | ബി.എഫ്.എസ്.ഐ | അക്കൗണ്ട്സ് എക്സിക്യൂട്ടീവ് - പേയബിൾ & റീസീവബിൾസ്, ജി.എസ്.ടി. അക്കൗണ്ട്സ് അസിസ്റ്റന്റ് മീഡിയ, മ്യൂച്ചൽ ഫണ്ട് ഏജന്റ് |
| 3. | അഗ്രികൾച്ചർ | ഓർഗാനിക് ഗ്രോവർ, ഫ്ളോറി കൾച്ചർ (ഓപ്പൺ) കൾട്ടിവേഷൻ, മഷ്റൂം ഗ്രോവർ |
| 4. | മീഡിയ & എന്റർടെയിൻമെന്റ് | അനിമേറ്റർ, കംമ്പോസിറ്റർ, മോഡിലർ, എഡിറ്റർ, വി.എഫ്.എക്സ് കംമ്പോസിറ്റർ |
| 5. | ഹോസ്പിറ്റാലിറ്റി | ഫ്രണ്ട് ഓഫീസ് അസോസിയേറ്റ്, ഹൗസ് കീപ്പിംഗ് സൂപ്പർ വൈസർ, മൾട്ടി കുസിൻ കുക്ക്, ഫുഡ് & ബിവറേജ് സർവ്വീസസ്-സ്റ്റിവാർഡ് |
| 6. | ബ്യൂട്ടി & വെൽനസ് | അസിസ്റ്റന്റ് ബ്യൂട്ടി തെറാപ്പിസ്റ്റ് |
| 7. | ഹെൽത്ത് കെയർ | ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് , ഹോം ഹെൽത്ത് എയ്ഡ്, എമർജൻസി മെഡിക്കൽ ബെയിസിക് |
| 8. | അപ്പാരൽ | ഹാൻഡ് എംബ്രോയിഡർ, സ്വീയിംഗ് മെഷീൻ |

| | | |
|---|---|---|
| | | ഓപ്പറേറ്റർ, അസിസ്റ്റന്റ് ഫാഷൻ ഡിസൈനർ |
| 9. | റീട്ടെയിൽ | റീട്ടെയിൽ സെയിൽസ് അസോസിയേറ്റ് |
| 10. | അക്കൗണ്ടിംഗ് | സർട്ടിഫൈഡ് അക്കൗണ്ടിംഗ് ടെക്നീഷ്യൻ |
| 11 | ഐ.റ്റി. ഐ.റ്റി.ഇ.എസ്. | ഡൊമസ്റ്റിക്ക് ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| 12 | കെമിക്കൽസ് & പെട്രോ കെമിക്കൽസ് | ടെസ്റ്റിംഗ് &ക്വാളിറ്റി കൺട്രോൾ-സൂപ്പർവൈസർ. |
| 13 | റബ്ബർ | ജൂനിയർ റബ്ബർ ടെക്നീഷ്യൻ |
| 14 | ജെം & ജ്വല്ലറി | ജ്വല്ലറി റീട്ടെയിൽ സെയിൽസ് അസോസിയേറ്റ്, കാഡ് ഡിസൈനർ |

കൂടുതൽ വിവരങ്ങൾക്കായി ജില്ലാ പ്രോഗ്രാം മാനേജർമാരുടെ ഫോൺ നമ്പർ ചുവടെ ചേർക്കുന്നു.

| ജില്ല | ഫോൺ |
|---|---|
| തിരുവനന്തപുരം | 9495999668 |
| കൊല്ലം | 9495999623 |
| പത്തനംതിട്ട | 9495999649 |
| ആലപ്പുഴ | 9495999647 |
| കോട്ടയം | 9495999633 |
| ഇടുക്കി | 9495999634 |
| എറണാകുളം | 9495999662 |
| തൃശൂർ | 9495999663 |
| പാലക്കാട് | 9495999733 |
| മലപ്പുറം | 9495999675 |
| കോഴിക്കോട് | 9495999657 |
| വയനാട് | 9495999692 |
| കണ്ണൂർ | 9495999671 |
| കാസർഗോഡ് | 9495999707 |

**കോഴ്സ് വിവരങ്ങൾ അറിയുന്നതിനായി**

http://asapkerala.gov.in/wp-content/uploads/2019/08/She-Skills_Course-details.pdf

**എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.**